**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1040 05/03/2018-ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനത്തിനായി പദ്ധതികൾ

ചോദ്യം

**ശ്രീ.എ. എൻ. ഷംസീർ**

2018-19 വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി വിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനത്തിനായി ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളിൽ മണ്ഡലം കേന്ദ്രീകരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പ്രൊഫ. സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലുൾപ്പെടുത്തി പൊതു വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത പദ്ധതികളെല്ലാം സംസ്ഥാനത്തുള്ള മുഴുവൻ സ്കൂളുകൾക്കും ലഭ്യമാകുന്ന വിധത്തിലാണ് നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പൊതു വിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനത്തിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

### സ്കൂൾ (സെക്കന്ററി) വിദ്യാഭ്യാസം

### I. സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

### II. വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികൾ

എ) സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തി പരിശീലന പരിപാടി
ബി) പ്രതിഭാശാലികളായ വിദ്യാർഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കൽ
(സി) കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം
(ഡി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായുള്ള സ്ഥാപനങ്ങൾക്ക് ധനസഹായം
(ഇ) വികലാംഗരായ വിദ്യാർത്ഥികൾക്കുള്ള ധനസഹായം
(എഫ്) ബഹുതരം പഠനകേന്ദ്രങ്ങൾ (എം.ജി.എൽ.സി)
(ജി) പ്രീപ്രൈമറി വിദ്യാഭ്യാസത്തെ ക്രോഡീകരിക്കുക
(എച്ച്) വിദ്യാർത്ഥികൾക്കുള്ള പാൽ വിതരണം
(ഐ) വിദ്യാരംഗം- കുട്ടികളുടെ കലാസാംസ്കാരിക പരിപാടി
(ജെ) സ്കൂൾ കലോത്സവം
(കെ) കൗമാരകുട്ടികൾക്കായുള്ള ബോധവൽക്കരണ പരിപാടി
(എൽ) സ്പോർട്സിലുള്ള മികവിന് പ്രോത്സാഹനം.

### III. വിദ്യാഭ്യാസ പരിപാടികളുടെ മികവ്

എ) സെക്കന്ററി സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം സ്വായത്തമാക്കൽ
ബി) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ടെക്നോളജി
(സി) സംസ്കൃത വിദ്യാഭ്യാസ വികസനം
(ഡി) സ്കൂളുകളിൽ ഗണിതം, സയൻസ്, സാമൂഹ്യശാസ്ത്ര പഠനങ്ങൾ മെച്ചപ്പെടുത്തൽ
(ഇ) ഇംഗ്ലീഷ് ഭാഷാ ജില്ലാ കേന്ദ്രങ്ങൾ
(എഫ്) പ്രത്യേക അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങൽ
(ജി) അന്തർദേശീയ ദ്രാവിഡഭാഷാ സ്ഥാപനം
(എച്ച്) ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ ക്രമീകരണം
(ഐ) 'ശ്രദ്ധ' (പരിഹാര ബോധനം)
(ജെ) ഗവൺമെന്റ് സ്പെഷ്യൽ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തലും അദ്ധ്യാപക ശാക്തീകരണവും

(കെ) പാർശ്വവൽക്കരിക്കപ്പെട്ട/പിന്നോക്ക മേഖലകളിൽ നിന്നുള്ള (ആദിവാസി, തീരദേശ, പ്ലാന്റേഷൻ) വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന പരിപാടി

(എൽ) ശാസ്ത്രായനം

(എം) ലൈബ്രറികളും, ക്ലാസ് റൂം ലൈബ്രറികളും

## IV. സ്കൂൾ വിദ്യാഭ്യാസം - നവീകരണം

എ) വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസ് നവീകരണം

ബി) അദ്ധ്യാപക-രക്ഷാകർതൃ സമിതികൾക്കുള്ള പ്രോത്സാഹന സമ്മാനം

(സി) സ്റ്റാറ്റിസ്റ്റിക്സ് ഡിവിഷന്റെ ശാക്തീകരണം

(ഡി) ഗ്രീൻ ഓഫീസ് സ്മാർട്ട് ഓഫീസ്

(ഇ) വിദ്യാഭ്യാസ ഓഫീസുകളിൽ ലേഡീസ് ഫ്രണ്ട്‌ലി ഇൻഫ്രാസ്ട്രക്ചർ സ്ഥാപിക്കൽ (വിശ്രമ മുറി ഉൾപ്പെടെ)

## V. കലാ-സാംസ്കാരിക പാർക്ക്

## VI. ജൈവവൈവിധ്യ ക്യാമ്പസ്

## VII. ഓട്ടിസം പാർക്ക്

## VIII. സൗജന്യ യൂണിഫോം വിതരണം

## IX. ഉച്ചഭക്ഷണ പദ്ധതി

## ഹയർ സെക്കന്ററി വിദ്യാഭ്യാസം

1. കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ്, സൗഹൃദ ക്ലബ്ബുകൾ, ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം, പെൺകുട്ടികൾക്ക് ആയോധന കലകളിൽ പരിശീലനം നൽകുന്നതിനുള്ള കരുത്ത് എന്ന പദ്ധതി ഉടങ്ങിയ ഉൾപ്പെടുന്ന വിദ്യാർത്ഥി കേന്ദ്രീകൃതം പദ്ധതി.
2. ഹയർസെക്കന്ററി സ്കൂളുകളുടെ ലൈബ്രറി/ലബോറട്ടറി ശാക്തീകരണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം.
3. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്.
4. അദ്ധ്യാപക ശാക്തീകരണം.
5. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനം നൽകുന്നതിനായി പബ്ലിക് എൻട്രൻസ് എക്സാമിനേഷൻ കോച്ചിംഗ് സ്കീം.
6. വിവര സാങ്കേതിക വിദ്യ വിനിയോഗിച്ചുകൊണ്ട് വകുപ്പ് നവീകരിക്കുക.

## വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം

സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം, അദ്ധ്യാപകർക്കും അനധ്യാപകർക്കുമുള്ള പരിശീലനം, വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികൾ എന്നിവയാണ് വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ.

## എസ്.സി.ഇ.ആർ.ടി

സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കൽ, ഐ.സി.റ്റി അധിഷ്ഠിത പഠനം, തൊഴിൽ നൈപുണി എന്നിവയ്ക്ക് പ്രാധാന്യം നൽകുക, അദ്ധ്യാപക പരിശീലനത്തിനായി റിസോഴ്സ് പൂൾ തയ്യാറാക്കുക, സ്പെഷ്യൽ എഡ്യൂക്കേഷൻ, ഇൻക്ലൂസീവ് എഡ്യൂക്കേഷൻ എന്നീ മേഖലകൾക്ക് കൂടുതൽ പ്രാധാന്യം നൽകുക എന്നിവയാണ് എസ്.സി.ഇ.ആർ.ടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ.

## സീമാറ്റ്

ട്രെയിനിംഗ് പ്രോഗ്രാമുകൾ, സെമിനാറുകൾ, ശില്പശാലകൾ എന്നിവ നടത്തുക, വിദ്യാഭ്യാസ മാനേജ്മെന്റ് പരിശീലനങ്ങൾക്ക് ആവശ്യമായ ഹാൻഡ് ബുക്കുകൾ തയ്യാറാക്കുക എന്നിവയാണ് സീമാറ്റിന്റെ പ്രധാന പദ്ധതികൾ.

## കൈറ്റ്

പ്രൈമറി വിദ്യാലയങ്ങളിൽ ഹൈടെക് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയെന്നതാണ് 2018-19-ൽ 'കൈറ്റി'ന്റെ പ്രധാന പദ്ധതി.

## സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്

ഡിപ്ലോമ കോഴ്സ് ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ, വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, ഓഗ്മെന്റേഷൻ ആന്റ് ഡോക്യുമെന്റേഷൻ, സുസ്ഥിതി പ്രോജക്ട്, കമ്മ്യൂണിറ്റി ബേസ്ഡ് പേരന്റ് ട്രയിനിംഗ് പ്രോഗ്രാം എന്നിവയാണ് എസ്.ഐ. എം. സി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

## കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

അക്ഷരലക്ഷം, അട്ടപ്പാടി ആദിവാസി സാക്ഷരത, വയനാട് ആദിവാസി സാക്ഷരത, 'നവചേതന' സാക്ഷരത – തുല്യതാ പരിപാടി, 'സമന്വയ' - ട്രാൻസ്ജൻഡർ തുടർവിദ്യാഭ്യാസ പദ്ധതി, 'ചങ്ങാതി'- ഇതര സംസ്ഥാനതൊഴിലാളി സാക്ഷരത എന്നിവയാണ് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

## സർവ്വശിക്ഷാ അഭിയാൻ

ശിശുകേന്ദ്രീകൃതമായ പ്രവൃത്തി പരിചയം, കലാ-സ്പോർട്സ് പ്രോത്സാഹനം, പ്രതിഭകളായ കുട്ടികൾക്കുള്ള പ്രത്യേക സഹായം, ഭിന്നശേഷി കുട്ടികൾക്കായുള്ള സഹായം എന്നിവയ്ക്കും ജൈവവൈവിധ്യ ഉദ്യാനം, ഓട്ടിസം പാർക്ക് എന്നിവയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും 2018-19 സാമ്പത്തിക വർഷത്തിൽ സർവ്വശിക്ഷാ അഭിയാൻ വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ